# കേരള പബ്ലിക് സർവീസ് കമ്മീഷൻ

തിരുവനന്തപുരം,

പി.എൽ.നമ്പർ:19/13/ഇ.ആർ. തീയതി. 03.04.2013.

കാറ്റഗറി നമ്പർ: 173/2010

## വിജ്ഞാപനം

15.06.2010 ലെ ഗസ്റ്റ് വിജ്ഞാപന പ്രകാരം ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ്സ് ലിമിറ്റഡ് സ്ഥാപനത്തിൽ 6080 – 9830 രൂപ ശമ്പള നിരക്കിൽ ടൈപ്പിസ്റ്റ് ഗ്രേഡ് – 2 (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടിക ജാതി/പട്ടിക വർഗ്ഗം മാത്രം ) (കാറ്റഗറി നമ്പർ: 173/2010) തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ്പട്ടിക ജാതി/പട്ടിക വർഗ്ഗം മാത്രം) തിരഞ്ഞെടുക്കുന്നതിന് 27.07.2012 ൽ നടത്തിയ ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയുടെ (ഒ.എം.ആർ.) അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട സാധ്യതാ പട്ടിക ചുവടെ ചേർക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, സമുദായം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

പരീക്ഷയിൽ **‘33’** മാർക്കും അതിന് മുകളിലും ലഭിച്ചവരുടെ രജിസ്റ്റർ നമ്പറുകളാണ് മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാർക്കിൽ ആവശ്യാനുസരണം ഇളവുകൾ വരുത്തി ഉപപട്ടിക തയ്യാറാക്കിയിരിക്കുന്നു.

സംസ്ഥാനതല നിയമനത്തെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പറുകളുടെ മുൻപിൽ ‘എസ്’ ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

| | | | | |
|---|---|---|---|---|
| **100013** | **100043** | **100048** | **100065** | **100083** |
| **100154** | **100155** | **100201** | **100230** | **100250** |
| **100292** | **100298** | **100502** | **100516** | **100655** |
| **100706** | **100720** | **100743** | **100858** | **100877** |

**100882 100916 100937 100953(PH) 100984**

**101056 101081 101103 101225**

<u>ഉപപട്ടിക</u>

<u>പട്ടിക വർഗ്ഗം</u>

**100069 100189 100497 100636 101199**

**101240 101402 101409.**

<u>കുറിപ്പ്:-</u>

1 അപേക്ഷകളുടെ സൂക്ഷമ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈപട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നതു മാത്രം റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും പ്രദാനം ചെയ്യുന്നില്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സാധ്യതാപട്ടിക തയ്യാറാക്കിയിരിക്കുന്നത്. അതിനു ശേഷമുള്ള അവകാശവാദങ്ങളൊന്നും തെരെഞ്ഞെടുപ്പിന്റെ ഒരു ഘ ട്ടത്തിലും പരിഗണിക്കുന്നതല്ല.

3 സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി, സംവരണത്തിനുള്ള അർഹത എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ അതും തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ആയതിലേയ്ക്ക് വ്യക്തിഗത അറിയിപ്പ് നൽകുന്നതാണ്.

4 പ്രമാണങ്ങളുടെ പരിശോധനയ്ക്കായുള്ള സമയ വിവരപട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. (പേജ് 3 കാണുക) ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല. അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ നിന്നും മറ്റൊരു അറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

5 വിവിധ കാരണങ്ങളാൽ ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുന്ന പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(കമ്മീഷന്റെ ആജ്ഞാനുസരണം )

പി.സി.ബിനോയ്

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,

പട്ടം, തിരുവനന്തപുരം

## പ്രമാണങ്ങളുടെ പരിശോധനയ്ക്കുള്ള സമയ വിവരപ്പട്ടിക

തസ്തിക: ടൈപ്പിസ്റ്റ് ഗ്രേഡ് 2 (സ്പെഷ്യൽ റിക്രൂട്ട്മെന്റ് - പട്ടിക ജാതി/പട്ടിക വർഗ്ഗം മാത്രം ) ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ്സ് ലിമിറ്റഡ് പ്രമാണങ്ങളുടെ പരിശോധനയ്ക്കായിഉദ്യോഗാർത്ഥികൾ പി.എസ്.സിയുടെ തിരുവനന്തപുരം ആസ്ഥാന ആഫീസിൽ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതിയിലും, സമയത്തും നേരിട്ട് ഹാജരാകേണ്ടതാണ്.

## സമയ വിവരപ്പട്ടിക

| അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി ഹാജരാകേണ്ട സമയവും തീയതിയും | ഉദ്യോഗാർത്ഥികളുടെ എണ്ണം | പരിശോധന സ്ഥലം |
|---|---|---|
| 16.04.2013<br>ചൊവ്വാഴ്ച.<br>രാവിലെ 8.30 മണി. | മുഖ്യപട്ടിക<br>**100013 മുതൽ 101225** വരെ വികലാംഗർ ഒഴികെ<br>**(28 ഉദ്യോഗാർത്ഥികൾ)** | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസ്, പട്ടം, തിരുവനന്തപുരം |
| | ഉപപട്ടിക<br>**100069 മുതൽ 101409** വരെ<br>**(8 ഉദ്യോഗാർത്ഥികൾ)** | |

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട രേഖകൾ

1. ജനനത്തീയതി, വയസ്സ്:- എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ് /തുല്യ സർട്ടിഫിക്കറ്റ് (അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും )

2 വിദ്യാഭ്യാസ യോഗ്യത: - (I) എസ്.എസ്.എൽ.സി അഥവാ തുല്യ യോഗ്യത പാസായിരിക്കണം

II) ടൈപ്പ് റൈറ്റിംഗ് (ഇംഗ്ലീഷ് ) ഹയർ കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ അഥവാ തുല്യ യോഗ്യത പാസായിരിക്കണം (അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും )

III) ടൈപ്പ് റൈറ്റിംഗ് (മലയാളം) ലോവർ കെ.ജി.റ്റി.ഇ അഥവാ തുല്യ യോഗ്യത പാസായിരിക്കണം (അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും )

IV) സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച ഏതെങ്കിലും കമ്പ്യൂട്ടർ ആപ്ലിക്കേഷൻസിൽ (ആറു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള ) സർട്ടിഫിക്കറ്റ് (അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും )

3 ജാതി,സമുദായം :- സംവരണാനുകൂല്യത്തിനായി പട്ടിക ജാതി/പട്ടിക വർഗ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.(അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് ശരിപ്പകർപ്പും )

4 വിമുക്ത ഭടൻമാർ:- ഡിസ്ചാർജ് സർട്ടിഫിക്കറ്റ് /പെൻഷൻ പേയ്മെന്റ് ഓർഡർ എന്നിവയുടെ അസ്സലും ശരിപ്പകർപ്പും.

5. കായിക താരങ്ങൾ:- സ്പോർട്ട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

6 വികലാംഗർ:- അംഗവൈകല്യം സംബന്ധിച്ച് സ്റ്റാൻഡിംഗ് ഡിസബിലിറ്റി അസെസ്മെന്റ് ബോർഡിൽ നിന്നോ സാമൂഹ്യ ക്ഷേമ ബോർഡ് നൽകുന്നതോ ആയ വികലാംഗ സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

7. സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ:- ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നോ, ഓഫീസ് മേധാവിയിൽ നിന്നോ ലഭിച്ച രസീത്, നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും ശരിപ്പകർപ്പും.

8. പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം:- പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും, ശരിപ്പകർപ്പും.

9. മറ്റേതെങ്കിലും അർഹത:- മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

കുറിപ്പ് :- സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന, യോഗ്യതാ നിർണ്ണയത്തിനുള്ള അഭിമുഖം മുതലായവയുടെ സമയവും സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതാണ്

(കമ്മീഷന്റെ ആജ്ഞാനുസരണം )

പി.സി.ബിനോയ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

03.2013 ലെ ഇ.ആർ. 9(2)7533/12 ഇ.ഡബ്ല്യൂ. വിജ്ഞാപന പ്രകാരം അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർക്കുന്നു.

തസ്തിക: ടൈപ്പിസ്റ്റ് ഗ്രേഡ് -2 (സ്പെഷ്യൽ റിക്രൂട്ട്മെന്റ് - പട്ടിക ജാതി/പട്ടിക വർഗ്ഗം മാത്രം )

വകുപ്പ്: ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ്സ് ലിമിറ്റഡ്

പരീക്ഷ തീയതി: 27.07.2012 (ഒ.എം.ആർ. ടെസ്റ്റ്)

<u>പാർട്ട് എ യിൽ രജിസ്റ്റർ നമ്പർ തെറ്റായി കറുപ്പിച്ചതിനാൽ അസാധുവാക്കപ്പെട്ട രജിസ്റ്റർ നമ്പരുകൾ</u>

| | | | |
|---|---|---|---|
| **100315** | **100413** | **100910** | **101279** |

പി.സി.ബിനോയ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം